പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.251 — 02.03.2020-ൽ മറുപടിയ്ക്ക്

**സ്വാവലംബം പദ്ധതിയുടെ പ്രവർത്തന പുരോഗതി**

ചോദ്യം — മറുപടി

ശ്രീ.എം. ഉമ്മർ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അന്ധത, കാഴ്ചക്കുറവ്, ബുദ്ധിവൈകല്യം എന്നിവ ഉള്ളവർ, ചലനശേഷി ഇല്ലാത്തവർ, കുഷ്ഠരോഗ വിമുക്തർ എന്നിവർക്കുവേണ്ടിയുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ "സ്വാവലംബം"പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര പേർക്ക് അംഗത്വം നൽകിയിട്ടുണ്ട്; അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;<br>(സി) പ്രസ്തുത ഇൻഷുറൻസ് പദ്ധതിയിൽ അംഗമായവർക്ക് ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നത്; അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എ) യും(ബി) യും(സി) യും.<br>പ്രതിവർഷം 2 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ നൽകുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'സ്വാവലംബൻ' ആരോഗ്യ ഇൻഷ്വറൻസ്. ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി മുഖാന്തിരമാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. സംസ്ഥാനത്ത് പദ്ധതി നടപ്പാക്കാനുള്ള ചുമതല കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് നൽകിയിരുന്നത്. പദ്ധതിയിൽ അംഗമാവുന്നതിനുള്ള ഇൻഷ്വറൻസ് പ്രീമിയം 3,100/- രൂപയായിരുന്നു. ഇതിൽ 357/- രൂപ ഗുണഭോക്താവ് നേരിട്ട് നൽകേണ്ടതും ബാക്കി തുക കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകുന്ന വിധവുമാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരുന്നത്. സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357/- രൂപ സംസ്ഥാന സർക്കാർ നേരിട്ട് ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നതിന് തീരുമാനിക്കുകയും ആദ്യഘട്ടമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം അംഗപരിമിതർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനായി ഒരു ലക്ഷം പേരുടെ ഗുണഭോക്തൃ വിഹിതം സംസ്ഥാന സർക്കാർ ഇൻഷ്വറൻസ് കമ്പനിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെയും ആനുപാതികമായ കേന്ദ്രസർക്കാർ വിഹിതം ഇൻഷ്വറൻസ് കമ്പനിയ്ക്ക് നൽകിയിട്ടില്ലാത്തതിനാൽ സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് ടി പദ്ധതിയിൽ ആരെയും അംഗമാക്കിയിട്ടില്ല. സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് ഇപ്പോൾ കേന്ദ്ര സർക്കാർ നിർത്തിവെച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ